അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾ

22(*52) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് അംഗീകാരം നൽകാൻ എന്തൊക്കെ നിർദ്ദേശങ്ങളാണ് പരിഗണനയിൽ ഉള്ളത് ;

(ബി) 2000-ത്തിനുശേഷം ഇത്തരത്തിൽ എത്ര അനധികൃത കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം കെട്ടിടങ്ങൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച് എന്തൊക്കെ ശിപാർശകളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇത്തരം അനധികൃത കെട്ടിടങ്ങൾക്ക് അംഗീകാരം നൽകുന്നതിന് ആവശ്യമായ നിയമഭേദഗതി നടപ്പിലാക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ; വിശദാംശം നൽകുമോ ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി(ശ്രീ. പാലോളി മുഹമ്മദ് കുട്ടി):

(എ) സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് കെട്ടിടങ്ങൾ നിർമ്മിച്ചിരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2008 ഡിസംബർ 31 വരെ നിർമ്മിച്ചിട്ടുള്ള അനധികൃത കെട്ടിടങ്ങൾ ചില നിബന്ധനകളുടെ അടിസ്ഥാനത്തിൽ ക്രമവൽക്കരിക്കുന്നതിനായി 21-8-2010-ൽ G.O. (Ms)185/2010/LSGD നമ്പരായി 2010-ലെ കേരള കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ഇതുപ്രകാരം സംസ്ഥാനത്ത് 31-12-2008 -നു മുമ്പ് നടത്തുകയോ, പൂർത്തീകരിക്കുകയോ ചെയ്ത മുനിസിപ്പാലിറ്റി പ്രദേശങ്ങളിലെയും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെയും അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള പ്ലാനുകൾ, സർട്ടിഫിക്കറ്റുകൾ, അപേക്ഷാ ഫീസിന്റെ രസീത്, മറ്റു വിശദാംശങ്ങൾ എന്നിവ ഉൾപ്പെടെ നിർദ്ദിഷ്ട ഫോമിലുള്ള അപേക്ഷ അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതും, അദ്ദേഹത്തിന്റെ വിശദമായ പരിശോധനാ റിപ്പോർട്ട് ജില്ലാടൗൺ പ്ലാനർ, ടൗൺ ചീഫ് പ്ലാനർ എന്നിവരുടെ സാങ്കേതിക അഭിപ്രായത്തോടെ സർക്കാരിന്റെ പരിഗണനക്കായി അയയ്ക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

ക്രമവൽക്കരണത്തിന് പരിഗണിക്കപ്പെടേണ്ട എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും കേരള മുനിസിപ്പാലിറ്റി ആക്ടിലെ 383 A വകുപ്പിലേയും, കേരള പഞ്ചായത്ത്‌രാജിലെ 220(ബി) വകുപ്പിലേയും വ്യവസ്ഥകളും നഗരാസൂത്രണപദ്ധതികൾ ബാധകമാകുന്നപക്ഷം അവയിലെ വ്യവസ്ഥകളും പാലിച്ചിരിക്കണം. കൂടാതെ ഇത്തരം നിർമ്മാണങ്ങൾ പുരാവസ്തു

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധമായ നിയമങ്ങൾ, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം, തീരദേശ നിയന്ത്രണ നിയമം തുടങ്ങിയവയിലെ വ്യവസ്ഥകൾ പാലിച്ചിരിക്കേണ്ടതാണ്. വിവിധ ഏജൻസികളിൽ നിന്നുള്ള കൺകറൻസുകളും ലഭ്യമാക്കിയിരിക്കണം. കൂടാതെ ഹൈറൈസ് കെട്ടിടങ്ങളുടെയും, ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെയും ക്രമവൽക്കരണത്തിന് സ്ട്രക്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റുകളും നിഷ്കർഷിച്ചിട്ടുണ്ട്. എഫ്.എ.ആർ., കവറേജ് ഓപ്പൺ സ്പേസ്, വഴിയുടെ വീതി, പാർക്കിംഗ്, റിക്രിയേഷൻ സ്പേസ്, തുടങ്ങി വിവിധ ചട്ടവ്യവസ്ഥകൾ എത്രത്തോളം വിവിധ നിർമ്മാണങ്ങൾക്ക് ബാധകമാകുമെന്നും പ്രസ്തുത ക്രമവൽക്കരണ ചട്ടങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നത് സംബന്ധിച്ച് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) അനധികൃത കെട്ടിടങ്ങൾക്ക് അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട് 2010-ലെ 25,26 നമ്പറുകളിലുള്ള ഓർഡിനൻസുകൾ മുഖേന കേരള പഞ്ചായത്തിരാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിലെ യഥാക്രമം 235 AB, 407 വകുപ്പുകൾക്ക് ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ

23(*53) ശ്രീ. വി. ശശികുമാർ :
ശ്രീ. എ. എം. യൂസഫ് :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് സേനയിൽ വിവിധ കാറ്റഗറികളിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) പോലീസിൽ വനിതാ ബറ്റാലിയൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ഡി) പോലീസിൽ വനിതാ എസ്ഐ. മാരെ നേരിട്ടു നിയമിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ ;

(ഇ) പോലീസ് വകുപ്പിൽ പ്രൊമോഷൻ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly